**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 561** | **11-07-2024 - ൽ മറുപടിയ്ക്ക്**

**സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തുടർ വിദ്യാഭ്യാസ പരിപാടികൾ ആരംഭിക്കുന്നതിനായി രൂപീകരിച്ച സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്.<br><br>കേരളത്തിൽ തുടർവിദ്യാഭ്യാസപദ്ധതി കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ നേതൃത്വത്തിൽ ആരംഭിക്കുന്നത് 1998 ഒക്ടോബർ 2 നാണ്. നാളിതുവരെ സാക്ഷരതാമിഷൻ നടപ്പിലാക്കിയ വിവിധ പദ്ധതികളിലൂടെ കേരളത്തിന്റെ സാക്ഷരതാനിരക്ക് 93.91% ആയി ഉയർത്തുന്നതിന് സാധിച്ചു. നാഷണൽ സ്റ്റാറ്റിക്കൽ ഓഫീസിന്റെ 2020ലെ റിപ്പോർട്ടിൽ കേരളത്തിലെ സാക്ഷരതാനിരക്ക് 96.2% ആയി മാറിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ സാക്ഷരതാ മിഷന്റെ പ്രവർത്തനത്തിന്റെ ഫലമായി വയനാട് ആദിവാസി മേഖലയിലെ 20260 പേരെയും അട്ടപ്പാടി ആദിവാസി മേഖലയിലെ 3670 പേരെയും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെയും സാക്ഷരരാക്കുന്നതിന് സാധിച്ചിട്ടുണ്ട്. ജയിൽജ്യോതി എന്ന പദ്ധതിയിലൂടെ കേരളത്തിലെ ജയിലിൽ കഴിയുന്ന നിരക്ഷരരായ അന്തേവാസികളെ സാക്ഷരരാക്കുന്നതിനും അതുവഴി അവരെ തുടർവിദ്യാഭ്യാസത്തി ലേക്കെത്തിക്കുന്നതിനും സാധിച്ചിട്ടുണ്ട്. സാക്ഷരത വികസിപ്പിക്കുന്നതിന് സഹായകമായ സാക്ഷരതാമിഷന്റെ വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>അക്ഷരലക്ഷം പദ്ധതി<br><br>അക്ഷരസാഗരം- തീരദേശസാക്ഷരതാ പരിപാടി<br><br>വയനാട് ആദിവാസി സാക്ഷരതാ പദ്ധതി<br><br>അട്ടപ്പാടി ആദിവാസി സാക്ഷരതാ പദ്ധതി |

| | | | |
|---|---|---|---|
| | | | സമഗ്ര- പട്ടികവർഗ്ഗ സാക്ഷരതാ പദ്ധതി<br><br>ആറളം ആദിശ്രീ പദ്ധതി<br><br>നവചേതന പദ്ധതി<br><br>ദീപ്തി- ബ്രെയിലി സാക്ഷരതാ പദ്ധതി<br><br>ഉല്ലാസ്- ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാം<br><br>ജയിൽ ജ്യോതി- ജയിൽ സാക്ഷരതാ പദ്ധതി |
| (ബി) | തുടർവിദ്യാഭ്യാസത്തിലൂടെ സാക്ഷരത വികസിപ്പിക്കുന്നതിന് പ്രസ്തുത പദ്ധതി എത്രത്തോളം സഹായകമായിട്ടുണ്ട്; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്.<br><br>കേരളത്തിൽ തുടർവിദ്യാഭ്യാസപദ്ധതി കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ നേതൃത്വത്തിൽ ആരംഭിക്കുന്നത് 1998 ഒക്ടോബർ 2 നാണ്. നാളിതുവരെ സാക്ഷരതാമിഷൻ നടപ്പിലാക്കിയ വിവിധ പദ്ധതികളിലൂടെ കേരളത്തിന്റെ സാക്ഷരതാനിരക്ക് 93.91% ആയി ഉയർത്തുന്നതിന് സാധിച്ചു. നാഷണൽ സ്റ്റാറ്റിക്കൽ ഓഫീസിന്റെ 2020ലെ റിപ്പോർട്ടിൽ കേരളത്തിലെ സാക്ഷരതാനിരക്ക് 96.2% ആയി മാറിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ സാക്ഷരതാ മിഷന്റെ പ്രവർത്തനത്തിന്റെ ഫലമായി വയനാട് ആദിവാസി മേഖലയിലെ 20260 പേരെയും അട്ടപ്പാടി ആദിവാസി മേഖലയിലെ 3670 പേരെയും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെയും സാക്ഷരരാക്കുന്നതിന് സാധിച്ചിട്ടുണ്ട്. ജയിൽജ്യോതി എന്ന പദ്ധതിയിലൂടെ കേരളത്തിലെ ജയിലിൽ കഴിയുന്ന നിരക്ഷരരായ അന്തേവാസികളെ സാക്ഷരരാക്കുന്നതിനും അതുവഴി അവരെ തുടർവിദ്യാഭ്യാസത്തി ലേക്കെത്തിക്കുന്നതിനും സാധിച്ചിട്ടുണ്ട്. സാക്ഷരത വികസിപ്പിക്കുന്നതിന് സഹായകമായ സാക്ഷരതാമിഷന്റെ വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>അക്ഷരലക്ഷം പദ്ധതി<br><br>അക്ഷരസാഗരം- തീരദേശസാക്ഷരതാ പരിപാടി<br><br>വയനാട് ആദിവാസി സാക്ഷരതാ പദ്ധതി<br><br>അട്ടപ്പാടി ആദിവാസി സാക്ഷരതാ പദ്ധതി<br><br>സമഗ്ര- പട്ടികവർഗ്ഗ സാക്ഷരതാ പദ്ധതി<br><br>ആറളം ആദിശ്രീ പദ്ധതി<br><br>നവചേതന പദ്ധതി<br><br>ദീപ്തി- ബ്രെയിലി സാക്ഷരതാ പദ്ധതി |

| | | | |
|---|---|---|---|
| | | | ഉല്ലാസ്- ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാം<br><br>ജയിൽ ജ്യോതി- ജയിൽ സാക്ഷരതാ പദ്ധതി |
| (സി) | പരിസ്ഥിതി സംരക്ഷിക്കാനും മാലിന്യ നിർമ്മാർജ്ജന ബോധവൽക്കരണത്തിനുമായി കേരള സംസ്ഥാന സാക്ഷരതാ മിഷൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഉണ്ട്.<br><br>ബഹുജനങ്ങളിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിനുവേണ്ടി കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി ജലസ്രോതസുകളുടെ സ്ഥിതിവിവര പഠനപരിപാടി സംസ്ഥാനത്തെ 2000 വാർഡുകളിൽ സംഘടിപ്പിച്ചിരുന്നു. കൂടാതെ പരിസ്ഥിതി സാക്ഷരതാപദ്ധതിയുടെ ഭാഗമായി സാക്ഷരതാമിഷന്റെ സംസ്ഥാനത്തെ 70,000 ത്തോളം പത്താംതരം, ഹയർസെക്കണ്ടറി തുല്യത പഠിതാക്കൾ മുഖേന സംസ്ഥാനത്തൊട്ടാകെ ജലവിനിയോഗം സംബന്ധിച്ച് ജലസാക്ഷരതാ ക്ലാസുകൾ നടത്തുന്നതിന് 2018 വർഷത്തിൽ 'ജലം' പാഠപുസ്തകം അച്ചടിച്ച് വിതരണം ചെയ്തിരുന്നു. സാക്ഷരതാമിഷൻ നടപ്പിലാക്കുന്ന പരിസ്ഥിതി സാക്ഷരതാപദ്ധതിയുടെ ഭാഗമായി സമൂഹത്തിൽ പരിസ്ഥിതി അവബോധം വളർത്തുക എന്ന ഉദ്ദേശ്യത്തോടെ '**പരിസ്ഥിതി സാക്ഷരതയ്ക്ക് ഞാനും**' എന്ന പേരിലുള്ള ഓൺലൈൻ കാമ്പയിൻ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണ ത്തിനും,മാലിന്യ നിർമ്മാർജ്ജനത്തിനും, ബോധവൽക്കരണത്തിനുമായി കേരള സംസ്ഥാന സാക്ഷരതാമിഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടൊപ്പം ചേർന്ന് വിവിധ പ്രവർത്തനങ്ങളും നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ